(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടേയും വിധിന്യായത്തിൽ ജി.ഒ.(പി) നം. 3000/98/ധന. തീയതി 25-11-1998 പ്രകാരമുള്ള ശമ്പള പരിഷ്കരണ ആനുകൂല്യം സൂപ്പർ ആന്വേഷൻ പ്രകാരം 1997 മാർച്ച് 31 വരെ സർവ്വീസിൽ തുടർന്ന അദ്ധ്യാപകർക്കും അർഹതയുണ്ടെന്നാണ് ഉത്തരവായിട്ടുള്ളത്. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് 1-3-1997 മുതൽ പ്രാബല്യത്തിൽ വന്ന ജി.ഒ.(പി) 3000/98/ധന. തീയതി 25-11-1998 പ്രകാരമുള്ള പരിഷ്കരിച്ച ശമ്പള സ്കെയിൽ സൂപ്പർ ആന്വേഷൻ പ്രകാരം 1997 മാർച്ച് 31 വരെ സർവ്വീസിൽ തുടർന്ന അദ്ധ്യാപകർക്കും ബാധകമാക്കിക്കൊണ്ട് ജി.ഒ.(പി) നം. 536/2005/(155)ധന. തീയതി 15-12-2005 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടേയും വിധിന്യായത്തിൽ സൂപ്പർ ആന്വേഷൻ തീയതിക്കുശേഷം സർവ്വീസിൽ തുടർന്ന അദ്ധ്യാപകർക്ക് ജി.ഒ.(പി) നം.3001/98/ധന. തീയതി 25-11-1998 പ്രകാരമുള്ള കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ഉത്തരവായിട്ടില്ല. മേൽ സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് വിധിന്യായത്തിനനുസൃതമായിട്ടുള്ളതാണ്.

കണ്ണമ്മൂല തോടിൽ "ഇടത്തറ"യിൽ പാലം നിർമ്മിക്കാൻ നടപടി

37(1313) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗര പരിസരത്ത് കണ്ണമ്മൂല തോടിൽ "ഇടത്തറയിൽ" പാലം നിർമ്മാണത്തിന് തുക അനുവദിക്കണമെന്ന നിവേദനത്തിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ധനകാര്യവകുപ്പിന്റെ ഫയൽ നമ്പർ 106116/ഐ.എൻ.ഡി/പി.ഡബ്ല്യു/04 പ്രകാരം ഇടത്തറ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ജലവിഭവ വകുപ്പിന് ആവശ്യമായ അനുമതി നൽകുവാൻ നിർദ്ദേശിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മേൽ നടപടികൾക്കായി ഈ വിഷയം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

ബാർ ലൈസൻസ് നൽകുന്നതിലെ മാനദണ്ഡം

38(1314) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ആകെ എത്ര ബാറുകൾ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2006 ജനുവരി പതിനഞ്ചുവരെ സംസ്ഥാനത്ത് എത്ര ബാറുകൾക്ക് ലൈസൻസ് നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ബാർ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) 461

(ബി) 74

(സി) മൂന്ന് സ്റ്റാറിനും അതിനു മുകളിൽ സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്കും ഹെറിറ്റേജ് ഹോട്ടലുകൾക്കും നിലവിൽ ബാർ ലൈസൻസ് അനുവദിക്കുന്നതാണ്. ടി ഹോട്ടലുകളിൽ നിന്ന് 200 മീറ്റർ അകലത്തിനുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളോ, അമ്പലങ്ങളോ, പള്ളികളോ, ശ്മശാനങ്ങളോ, എസ്.സി./എസ്.റ്റി. കോളനികളോ ഉണ്ടാകാൻ പാടില്ല. ബാർ ലൈസൻസ് അനുവദിക്കുന്നതിൽ പ്രാദേശികമായ ആവശ്യകത ന്യായീകരിക്കപ്പെടുന്നതാകണം. സർക്കാരിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നത് ആകരുത്. ഉടമസ്ഥൻ ലൈസൻസ് ദുരുപയോഗം ചെയ്തില്ല എന്ന് ബോദ്ധ്യമുണ്ടായിരിക്കണം. ലൈസൻസി അബ്കാരി കേസുകളിലോ നാർക്കോട്ടിക് കേസുകളിലോ മറ്റു ക്രിമിനൽ കേസുകളിലോ ശിക്ഷിക്കപ്പെട്ടയാളോ അബ്കാരി കുടിശ്ശികക്കാരനോ ആകരുത്. ലൈസൻസി സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ള വ്യക്തി ആയിരിക്കണം. മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് മാത്രമാണ് ബാർ ലൈസൻസ് നൽകുന്നത്.

ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനം

39(1315) ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ബിവറേജസ് കോർപ്പറേഷൻ എത്ര ശാഖകൾ തുറന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പേർക്ക് പുതുതായി തൊഴിൽ അവസരം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പേർ മറ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും സേവനമനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷന് അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ ശാഖകൾ തുറക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly